ശ്രീ. ബാബു ദിവാകരൻ: ഇതിന്റെ എല്ലാവശങ്ങളെക്കുറിച്ചും ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ഇതിന്റെ വിവിധ വശങ്ങൾ ആലോചിച്ചിട്ടുമാത്രമേ ഇങ്ങനെ ഒരു കാര്യം പരിഗണിക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് ഈ ബില്ലിനോട് ഇപ്പോൾ യോജിക്കാൻ കഴിയില്ല.

മി. ചെയർമാൻ: പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ചർച്ച തുടരേണ്ടതുണ്ട്. സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകൾ വേണം.

ശ്രീ. ബാബു ദിവാകരൻ: ഹാജരാക്കാം. പ്രമേയം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട അംഗത്തോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചിരിക്കുന്നു.

(4) 2005-ലെ കേരള വെടിമരുന്നു തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ജി പ്രതാപവർമ്മ തമ്പാൻ: സർ, 2005-ലെ കേരള വെടിമരുന്നു തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തേവാനൂർ രവി: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് 2005-ലെ വെടിമരുന്നു തൊഴിലാളി ക്ഷേമനിധി ബില്ലാണ്. കേരള സംസ്ഥാനത്തെ പടക്ക നിർമ്മാണ സ്ഥാപനങ്ങളിൽ വെടിമരുന്നുപയോഗിച്ച് ഇതര തൊഴിൽ ചെയ്യുന്നവർ, പുര കമ്പക്കെട്ടുകാർ എന്നിവർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും, പെൻഷൻ നൽകുന്നതിനു വേണ്ടിയും ബിൽ അവതരിപ്പിക്കാൻ നമ്മുടെ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. സുന്ദരൻനാടാരും എന്നോട് സൂചിപ്പിച്ചിരുന്നു. കൊല്ലം പൂരമായാലും, കൊല്ലങ്കോട് പൂരമായാലും, തൃശൂർ പൂരമായാലും തിരുമാന്ധാംകുന്ന് പൂരമായാലും, ഉത്സവങ്ങളായാലും വെടിക്കെട്ടും കമ്പവും വേണം. മാനത്ത് വർണ്ണപ്പൂ വിരിയണം, അതും എട്ടും പത്തും തട്ടുതട്ടായി. ഇതെല്ലാം നിർമ്മിക്കുന്നതിനുവേണ്ടി ഒരുകൂട്ടം തൊഴിലാളികൾ ജീവൻ പണയം വച്ചാണ് തൊഴിലെടുക്കുന്നത്. ഈ സഭ സമ്മേളിക്കുന്നതിനോടടുത്ത ദിവസം തമിഴ്നാട്ടിലെ ശിവകാശിക്കുസമീപം പടക്ക

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണശാലയിൽ പൊട്ടിത്തെറിയിൽ ഇരുപതോളം ആൾക്കാർ വെന്തുമരിച്ചു. അടുത്ത കാലത്ത് കേരളത്തിൽ തൃശ്ശൂരിനുസമീപവും എറണാകുളത്തുമെല്ലാം ദാരുണമായ അപകടങ്ങളിൽ ആളുകൾ മരണപ്പെട്ടു. അതുപോലെതന്നെ വേലൂരിൽ പെരിങ്ങലശ്ശേരി മണിമലർക്കാവ് ക്ഷേത്രത്തിനുസമീപം പടക്കനിർമ്മാണശാലയിൽ സ്ഫോടനം ഉണ്ടായി സഹോദരങ്ങളടക്കം 4 പേർ മരിച്ചു. അതുപോലെതന്നെ ചാലക്കുടി പോട്ട ആശ്രമം റോഡിലെ പടക്ക നിർമ്മാണശാലയിലെ സ്ഫോടനത്തിൽ മൂന്നുപേർക്ക് പരിക്കേറ്റു, വീടുകൾ തകർന്നു.

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച ബിൽ, ക്ഷേമനിധി ബില്ലാണെങ്കിലും വെടിമരുന്നു ശാലയിലെ അപകടത്തിന്റെ ഒരു പ്രധാന കാരണം ആവശ്യത്തിന് സുരക്ഷാ ക്രമീകരണം ഇല്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഈ ക്ഷേമനിധിയെക്കുറിച്ച് പറയുന്നതോടൊപ്പം ഈ വെടിമരുന്നു ശാലകളിൽ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്താനുള്ള ആവശ്യകതകൂടി ഈ ബില്ലിൽ പറയാൻ തയ്യാറാവുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തീർച്ചയായും. സുരക്ഷാ സംവിധാനത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പാലിക്കണം എന്ന കാര്യം ബില്ലിൽ ഉൾപ്പെടുത്തുന്നതാണ്. കനക്കെട്ട് എന്നു പറഞ്ഞാൽ ജീവനുള്ള പട്ടിയെയും പൂച്ചയെയും വരെ ആകാശത്ത് എത്തിച്ച് തിരിച്ചു കൊണ്ടുവരണം എന്നാണ് ഇതിനുവേണ്ടി ഡിമാൻഡ് ചെയ്യുന്നത്. ഇതെല്ലാം അനുസരിച്ചാണ് പാവപ്പെട്ട തൊഴിലാളികൾ ഇതിനുള്ള തയ്യാറെടുപ്പു നടത്തുന്നത്. ഒരു തരത്തിൽ നാമെല്ലാം വെടിക്കെട്ട് കമ്പക്കാരാണ്. കമ്പക്കാരെന്ന് ഞാനുദ്ദേശിച്ചത് താത്പര്യമുള്ളവരാണെന്നാണ്. വിഷു വന്നാലും, ദീപാവലി വന്നാലും, ന്യൂ ഇയറിനും വീട്ടിൽ പൂക്കുറ്റി ചിതറണം, കലത്തിൽ അമിട്ട് പൊട്ടണം. മാലപ്പടക്കം, ഓലപ്പടക്കം എല്ലാം പൊട്ടണം. എന്നാൽ മാത്രമേ ഉത്സവമാകൂ എന്ന സങ്കല്പത്തിലാണ് നാം എത്തിനിൽക്കുന്നത്. അതിനുവേണ്ടി പണിയെടുക്കുന്ന തൊഴിലാളികളാവട്ടെ ജീവൻ തൃണവത്ഗണിച്ച് - ഇതിനെക്കുറിച്ച് ചങ്ങമ്പുഴ പാടിയിട്ടുണ്ട്. "പട്ടാളം ശമ്പളം കിട്ടും പട്ടിണിയാണതിൽ ഭേദം" എന്നാണ്. ഒരു കാലത്ത് പട്ടാളത്തിൽ പോകുക എന്നു പറഞ്ഞാൽ പിന്നെ അതിനെക്കുറിച്ച് വേറൊരു സങ്കല്പമില്ല. ബലിയർപ്പിക്കുന്നതുപോലെ കൊടുക്കുക എന്നുള്ളതായിരുന്നു ഒരു കാലത്തെ സങ്കല്പം. അതിനേക്കാൾ വേദം പട്ടിണിയാണെന്നാണ് അദ്ദേഹം പാടിയിട്ടുള്ളത്. ഇതുപോലെയാണ് പടക്കം നിർമ്മിക്കുന്നവരും. ജീവൻ കൈയിൽ പിടിച്ചുകൊണ്ടാണ് അവർ ജോലി ചെയ്യുന്നത്. അതുപോലെയാണ് വെടിക്കെട്ട് നിർമ്മിക്കുന്നവന്റെയും അത് പൊട്ടിക്കുന്നവന്റെയും കാര്യം. വിശന്നുകരയുന്ന വയറുകൾക്ക് ഇത്തിരി വറ്റു കൊടുക്കാൻ വേണ്ടിയാണ് അവർ ഈ പണി ചെയ്യുന്നത്. അവർക്കും അവരുടെ വീടുകൾക്കും യാതൊരു സുരക്ഷിതത്വവുമില്ല. രാവിലെ വീട്ടിൽ നിന്നുപോയാൽ, അത് സ്ത്രീകളും കുട്ടികളുമടക്കമാണ് പോകുന്നത്. വെടിമരുന്നു ശാലയിൽ തീപിടിച്ചാൽ അമിട്ടിനും

LIBRARY ARCHIVES Kerala Legislative Assembly

പടക്കത്തിനുമൊക്കെ തീപിടിച്ചാൽ പിന്നെ അവമില്ല. തീപിടിച്ചുകഴിഞ്ഞാൽ അവശേഷിക്കുന്നതൊന്നുമില്ല. ഇവർക്ക് ആശ്വാസം പകരണം.

മി. ചെയർമാൻ: തമ്പാന്റെ തന്നെ ബില്ലുകളാണ് വരാനുള്ളത്.

ശ്രീ. കെ. മോഹനൻ കുമാർ: സർ, സുരക്ഷാ ക്രമീകരണങ്ങളെപ്പറ്റി സാന്ദർഭികമായി പറഞ്ഞല്ലോ. നമ്മുടെ ദക്ഷിണ കേരളത്തിലെ സ്ഥാപനങ്ങളിൽ, തീരെ ചെറിയ പ്രായത്തിലുള്ള കുട്ടികളെ, ദരിദ്രകുടുംബങ്ങളിൽനിന്നുള്ള കുട്ടികളെ, സാധന സാമഗ്രികൾ നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് പത്രവാർത്തകൾ വരികയുണ്ടായി. പല സ്ഥലത്തെയും അപകട വാർത്തകൾ വായിക്കുമ്പോൾ തീരെ ചെറിയ കുട്ടികൾ അപകടത്തിൽപ്പെട്ട് മരിച്ചതായി കണ്ടിട്ടുണ്ട്. അങ്ങയുടെ ബില്ലിൽ തീരെ ചെറിയ കുട്ടികളെ ഇത്തരം നിർമ്മാണ പരിപാടികളിൽ സഹകരിപ്പിക്കുന്നത് നിരോധിക്കുന്നതിനുള്ള വകുപ്പുകൾ ഉൾപ്പെടുത്തുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ബാലവേല നിരോധനം എന്നത് ഈ വർഷത്തെ മുദ്രാവാക്യം തന്നെയാണ്. എല്ലാതലത്തിലുമുള്ള ബാലവേല നിരോധിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമുണ്ട്. നമ്മുടെ തൊഴിൽ വകുപ്പുമന്ത്രി അതിന് വളരെ ശുഷ്ക്കാന്തിയോടെ പ്രചരണം നടത്തുന്നുണ്ട്.

ശ്രീ. തമ്പാനൂർ രവി: കമ്പക്കെട്ടിന്റെ കമ്പം മൂത്ത് ജീവനുള്ള ജന്തുക്കളെ കമ്പത്തിൽ കയറ്റി അയച്ച വാർത്ത ഞാൻ വായിച്ചിട്ടുണ്ട്. തൃശൂർ പൂരത്തിൽ ജീവനുള്ള പൂച്ചയെ കമ്പത്തിൽ പ്രയോഗിച്ചു. അത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അത്തരം കാര്യങ്ങൾ അനുവദിക്കാൻ പാടില്ല എന്ന് ബില്ലിൽ പറയുമോ ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അത് ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. തൃശൂർ പൂരത്തിനുമുൻപ് സാമ്പിൾ വെടിക്കെട്ടുണ്ട്. തൃശൂർ ചെന്നാൽ ആ ചേട്ടൻമാരുടെ സന്തോഷം കാണണം. ഒരു ഹോട്ടലിലും മുറി കിട്ടാനില്ല. സാമ്പിൾ കാണാനുള്ള ജനക്കൂട്ടം അസംഖ്യമാണ്. ഞാൻ ചർച്ച തുടരുന്നതാണ്.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. വെടിമരുന്ന് നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സ്ഥിതി വളരെ അപകടകരമാണ്. അവർ വളരെ റിസ്ക്കുള്ള ജോലിയാണ് ചെയ്യുന്നത്. അവരുടെ തൊഴിലിനെ സംബന്ധിച്ചൊന്നും ആർക്കും തർക്കമില്ല. ജീവിക്കാൻ വേണ്ടി അങ്ങനെയുള്ള തൊഴിലിൽ ഏർപ്പെടേണ്ട സാഹചര്യമുള്ളതുകൊണ്ടാണ് അവർ ആ തൊഴിൽ ചെയ്യുന്നത്. കേരളത്തിൽ ഇതിനകം വിവിധ മേഖലകളിലായി 22-ഓളം ക്ഷേമനിധികൾ ഇപ്പോൾ പ്രവർത്തിച്ചുവരുകയാണ്. പ്രവർത്തിക്കുന്ന ക്ഷേമനിധികളിൽ പലതിന്റെയും പ്രവർത്തനം നിലച്ചുപോകുന്ന സ്ഥിതിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അതിന് പല കാരണങ്ങൾ ഉണ്ട്. ഒരു ക്ഷേമപദ്ധതി നടപ്പാക്കണമെങ്കിൽ, ഇന്നലെ ട്രാൻസ്പോർട്ട് വർക്കേഴ്സ് ക്ഷേമനിധി ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയിൽ പറഞ്ഞതാണ്, ഒന്നര കോടി രൂപ എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ് വേണ്ടിവരും. ഇത്രയും എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ്സുമായി എത്ര ക്ഷേമനിധിക്ക് പ്രവർത്തിക്കാൻ കഴിയും? ഇവരെയെല്ലാം കവർ ചെയ്യുന്ന ഒരു ക്ഷേമനിധി ഇവിടെയുണ്ട്. ലേബർ വെൽഫയർ ഹണ്ട് ബോർഡ് എന്നു പറയുന്ന പൊതു ക്ഷേമനിധിയിൽ ഇവർക്കെല്ലാം അംഗങ്ങളാകാം. ഏതു തൊഴിലിൽ ഏർപ്പെടുന്നവർക്കും അംഗങ്ങളാകാം. അവരെ അംഗങ്ങളാക്കണം. അങ്ങ് ഉൾപ്പെടെയുള്ളവർ താൽപ്പര്യമെടുത്ത് ഈ മേഖലയിലുള്ളവരെ, എല്ലാ തൊഴിലാളികളെയും ക്ഷേമനിധി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നാൽ അവർക്ക് ഈ ആനുകൂല്യങ്ങളൊക്കെ നമുക്ക് നൽകാൻ കഴിയും. പടക്ക നിർമ്മാണത്തൊഴിലാളികൾക്ക് മാത്രമായി ഒരു പ്രത്യേക ക്ഷേമനിധി പ്രായോഗികമല്ല. അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും കഴിയില്ല. ഈ തൊഴിലാളികളെ നിലവിലുള്ള ഏതെങ്കിലും ഒരു ക്ഷേമപദ്ധതിയിൽ കൊണ്ടുവന്ന് അവർക്ക് ആനുകൂല്യം നൽകുന്നതായിരിക്കും ഉചിതം. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, നിലവിലുള്ള നിയമത്തിൽ ഇതിനുകൂടി വ്യവസ്ഥകൾ ചേർത്ത് പ്രാബല്യത്തിലാക്കാൻ ശ്രമിക്കാമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

(5) 2005-ലെ കേരള സഹകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സഹകാര്യ ചിട്ടി കുറി കമ്പനികളിലെ ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുമുള്ള ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2005-ലെ കേരള സഹകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സഹകാര്യ ചിട്ടി കുറി കമ്പനികളിലെ ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുമുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, ബില്ലിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly